പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 495 29.01.2019 ലെ മറുപടിക്ക്

**കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ; | എ) കയർ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ് (PMI)**<br>പി.എം.ഐ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റി-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു. ടി തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.<br><br>**മാനേജീരിയൽ സബ് സിഡി & ഗ്രാറ്റുവിറ്റി**<br>സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-2019 സാമ്പത്തിക വർഷം 17,94,75,000/- രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.<br>പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെൻറ് ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതിപ്രകാരം 01/04/2006 മുതൽ 30/12/2016 വരെ കാലയളവിൽ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി തുകയായി 88,56,344/- രൂപ അനുവദിക്കുകയും, 2010-11 മുതൽ 31/07/2018 വരെയുള്ള കാലയളവിൽ ആലപ്പുഴ പ്രോജക്ടിന് കീഴിലെ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ 2,22,59,715/-രൂപ |

| | |
|---|---|
| | അനുവദിക്കുകയുമുണ്ടായി.<br>കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമിധി ബോർഡ് മുഖേന പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ 84,12,00,000/- രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാൻറ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി മുഖേന 10 കോടി രൂപയും അധിക ധനാനുമതി വഴി ലഭിച്ചിട്ടുള്ള 18,17,06,000/- രൂപയും കയർ തൊഴിലാളികൾക്ക്, ക്ഷേമനിധി ബോർഡ് മുഖേന 2018 ഓഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നാളിതുവരെ 112.29 കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.<br>കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പെൻഷൻ തുക 600/- രൂപയിൽ നിന്നും 1100/- രൂപയായി വർദ്ധിപ്പിച്ചു. പ്രസവ ധനസഹായ തുക 1000/- രൂപയിൽ നിന്നും 15,000/- രൂപയായി വർദ്ധിപ്പിച്ചു. 41,400 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 22.25 കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകല്യങ്ങൾ നൽകി വരികയും ചെയ്യുന്നു. |
| ബി) പ്രളയദുരന്തത്തിൽപ്പെട്ട് കയർ തൊഴിലാളികൾ തൊഴിൽ നഷ്ടത്താൽ വരുമാനമില്ലാതെ കടക്കെണിയിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) പ്രളയം സംഘങ്ങളെ ബാധിക്കുകയും, ചില സംഘങ്ങളിൽ 2 മാസക്കാലത്തോളം തൊഴിൽ നഷ്ടം നേരിടുകയും ചെയ്തിട്ടുണ്ട്. ചില സംഘങ്ങളിലെ കെട്ടിടങ്ങൾക്കും, യന്ത്രസാമഗ്രികൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച യന്ത്രസാമഗ്രികൾ അറ്റകുറ്റ പണികൾ നടത്തിയും, മാറ്റി നൽകുന്നതിനുമുള്ള നടപടികൾ<br>സ്വീകരിച്ചുവരുന്നു. |
| സി) കയർമേഖലയുടെ വികസനത്തിനും പുരോഗതിക്കുമായി ഏതൊക്കെ സർക്കാർ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം വിശദമാക്കാമോ? | സി) |

| | |
|---|---|
| നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) | കയർ മേഖലയിൽ ഗവേഷണവും വികസനവും |
| കേരള സംസ്ഥാന കയർ കോർപ്പറേഷൻ | കയർ, കയർ ഉല്പന്നങ്ങളുടെ വിപണനം |
| കയർഫെഡ് | ചകിരി/കയർ സംഭരണം, വിപണനം |
| ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡ് | കയർ ഉൽപന്നങ്ങളുടെ നിർമ്മാണം, വിപണനം |

| | | |
|---|---|---|
| | കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കയർ തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നു. |
| | കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി | കയർ മേഖലക്കാവശ്യമായ യന്ത്രസാമഗ്രികളുടെ നിർമ്മാണം, മേൽനോട്ടം |

സെക്ഷൻ ഓഫീസർ